കേരളാ ടൂറിസത്തിന് സർവകാല റെക്കോഡ്: മന്ത്രി റിയാസ്

തകഴി

പ്രതിസന്ധികളെ അതിജീവിച്ച് കേരളത്തിന്റെ വിനോദ സഞ്ചാര മേഖല സർവകാല റെക്കോഡുകൾ ഭേദിച്ച് കുതിക്കുകയാണെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്. 2025ൽ സംസ്ഥാനം സന്ദർശിച്ച വിനോദസഞ്ചാരികളുടെ എണ്ണം 2,58,80,365 ആയി ഉയർന്നു. മുൻവർഷത്തെ അപേക്ഷിച്ച് സന്ദർശകരുടെ എണ്ണത്തിൽ 28 ലക്ഷം പേരുടെ വർധന. കൃത്യമായ ആസൂത്രണത്തിലൂടെയാണ് ടൂറിസം മേഖലയെ ഉയിർത്തെഴുന്നേൽപ്പിച്ചത്.

കൈനകരി വട്ടക്കായൽ ടെർമിനൽ അഡ്വഞ്ചർ ടൂറിസം പദ്ധതി ഓൺലൈനായി ഉദ്ഘാടനംചെയ്യുകയായിരുന്നു അദ്ദേഹം. തോമസ് കെ തോമസ് എംഎൽഎ അധ്യക്ഷനായി. കലക്ടർ അലക്സ് വർഗീസ്, മുൻ എംഎൽഎമാരായ സി കെ സദാശിവൻ, കെ കെ ഷാജു, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ ആർ രാഹുൽ, ഡിടിപിസി സെക്രട്ടറി കെ ജി അജേഷ് തുടങ്ങിയവർ പങ്കെടുത്തു.

വട്ടക്കായലിൽ വിനോദം വിസ്മയം

തകഴി

സാഹസിക ടൂറിസത്തിന്റെ ഭാഗമായുള്ള പ്രദർശന യാത്ര

കുട്ടനാടിന്റെ ഹൃദയത്തുടിപ്പായ കൈനകരി വട്ടക്കായലിൽ സാഹസിക വിനോദങ്ങളുടെ പുതുയുഗത്തിന് തുടക്കമായി. അത്യാധുനിക സൗകര്യങ്ങളോടെ ഒരുക്കിയ വട്ടക്കായൽ സാഹസിക ടൂറിസം പദ്ധതിയുടെ ഉദ്ഘാടനദിവസം നടന്ന പ്രദർശന പറക്കൽ കാണികളിൽ കൗതുകവും ആവേശവും നിറച്ചു. ജലാശയത്തിന് മുകളിലൂടെ ആകാശത്തേക്ക് ഉയർന്നുപൊങ്ങിയ പാരാസെയിൽ വട്ടക്കായലിന് പുത്തൻ ദൃശ്യഭംഗിയായി. അതിവേഗത്തിൽ പായുന്ന ജെറ്റ് സ്കീയും സ്പീഡ് ബോട്ടുകളും ഗ്രാമവാസികൾക്കും വിനോദസഞ്ചാരികൾക്കും ഒരുപോലെ ത്രില്ലടിപ്പിക്കുന്ന കാഴ്ചയായിരുന്നു.

അന്താരാഷ്ട്ര നിലവാരത്തിലാണ് ഇവിടെ ജലസാഹസിക വിനോദങ്ങൾ ഒരുക്കുന്നത്. അതിവേഗ യാത്രകൾക്കായി ജെറ്റ് സ്കി, സ്പീഡ് ബോട്ട്, വാട്ടർ സ്കൂട്ടർ എന്നിവയും സാഹസികത ഇഷ്ടപ്പെടുന്നവർക്കായി പാരാസെയിലിങ്, ബനാന ബോട്ട് എന്നിവയും ലഭ്യമാണ്. ഇതിനുപുറമെ കനോയിങ്, കയാക്കിങ്, പെഡൽ ബോട്ട് തുടങ്ങിയ പരമ്പരാഗത വിനോദങ്ങളും കാത്തിരിക്കുന്നു.

വട്ടക്കായൽ സാഹസിക ടൂറിസം പദ്ധതി മന്ത്രി പി എ മുഹമ്മദ് റിയാസ് ഓൺലൈനായി ഉദ്ഘാടനം ചെയ്യുന്നു

132 കോടിയുടെ ഏഴുനിലകെട്ടിടം

ജില്ലാ ആശുപത്രി ബഹുനില മന്ദിരം ആദ്യഘട്ടം നാളെ സമർപ്പിക്കും

സ്വന്തം ലേഖകൻ

മാവേലിക്കര

നിർമാണം പൂർത്തീകരിച്ച മാവേലിക്കര ജില്ലാ ആശുപത്രി ബഹുനില മന്ദിരം

കിഫ്ബിയിൽ 132 കോടി ചെലവഴിച്ച് സംസ്ഥാന സർക്കാർ മാവേലിക്കര ജില്ലാ ആശുപത്രിക്കായി നിർമിച്ച ഏഴുനില മന്ദിരത്തിന്റെ ആദ്യഘട്ടവും ഒപി വിഭാഗവും മന്ത്രി വീണാ ജോർജ് വ്യാഴം വൈകിട്ട് അഞ്ചിന് നാടിന് സമർപ്പിക്കും.

102.8 കോടിയാണ് കെട്ടിട നിർമാണത്തിന് മാത്രം ചെലവഴിച്ചത്. രണ്ടാം ഘട്ടത്തിൽ സിടി സ്കാനടക്കം മെഡിക്കൽ ഉപകരണങ്ങൾക്കും ഫർണിച്ചറിനുമായി 29.2 കോടി ചെലവഴിക്കും. ഒരു കോടി ഏഴു ലക്ഷത്തിലേറെ രൂപ ചെലവഴിച്ച് ഡയാലിസിസ് യൂണിറ്റ്, 2.05 കോടി ചെലവിൽ അത്യാധുനിക ഐസിയു, ലെവൽ ഡി എഎൽഎസ് ആംബുലൻസ്, 70 ലക്ഷത്തിന് ഡോർമെറ്ററി കാന്റീൻ സംവിധാനങ്ങൾ, സ്വകാര്യ ആശുപത്രികളിൽ മാത്രമുണ്ടായിരുന്ന ബഗ്ഗി ആംബുലൻസ് സൗകര്യം, കീമോതെറാപ്പി, കാരുണ്യ ഫാർമസി സൗകര്യങ്ങളടക്കം ഏറെ പദ്ധതികൾ.

മൂവായിരത്തിനടുത്ത് ചതുരശ്രഅടിയിൽ പുതിയ മോർച്ചറിയുമുണ്ട്. റിസപ്ഷൻ, സ്റ്റാഫ്, പൊലീസ് സർജൻ, ഇൻക്വസ്റ്റ്, പോസ്റ്റ്മോർട്ടം, പ്രാർഥനാ മുറികളും 10 ചേംബർ ഫ്രീസർ സംവിധാനവും മോർച്ചറി കെട്ടിടത്തിലുണ്ട്. മന്ദിരം പൂർണ സജ്ജമാകുന്നതോടെ ഇൻക്വസ്റ്റും പോസ്റ്റുമോർട്ടവും തുടങ്ങാനാകും.

നഗസഭയിലെയും ചുറ്റുമുള്ള 14 പഞ്ചായത്തുകളിലെയും സാധാരണക്കാർക്ക് ആശ്വാസമാണ് ഈ ആശുപത്രി. കഴിഞ്ഞ 10 വർഷത്തിനിടെ മാവേലിക്കരയിലുണ്ടായ മുന്നേറ്റത്തിലെ നാഴികക്കല്ലാണ് നിർമാണം പൂർത്തീകരിക്കുന്ന അത്യാധുനിക ബഹുനില സൂപ്പർ സ്പെഷ്യാലിറ്റി കെട്ടിട സമുച്ചയം.

കുതിപ്പിന്റെ എൽഡിഎഫ് കാലം

ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ 18 ജില്ലാ ആശുപത്രികളിൽ ഏറ്റവും കൂടുതൽ ഫണ്ട് ലഭ്യമായതും മാവേലിക്കര ജില്ലാ ആശുപത്രിക്കാണ്. കോടികളുടെ വികസനമാണ് 10 വർഷത്തിനിടയുണ്ടായത്. 2011ൽ മാവേലിക്കരയിൽ എൽഡിഎഫ് ജയിച്ചശേഷം ആശുപത്രി പടിപടിയായി വളരുകയായിരുന്നു. 2016ന് ശേഷം സംസ്ഥാനത്തെ മികച്ച സർക്കാർ ആശുപത്രികളിലൊന്നായി. എം എസ് അരുൺകുമാർ എംഎൽഎയുടെ പരിശ്രമത്തിലാണ് കെട്ടിടത്തിന്റെ നിർമാണം അടിയന്തര പ്രാധാന്യത്തോടെ പൂർത്തീകരിക്കാനായത്.

ജില്ലാ രൂപീകരണത്തിനു മുമ്പും ജില്ലാ ആശുപത്രിപദവി ലഭിച്ചിരുന്നു. ഇടതുപക്ഷം അധികാരത്തിലേറുമ്പോൾ ലഭിക്കുന്ന പരിഗണന, യുഡിഎഫ് ഭരണനാളുകളിൽ ലഭിച്ചിട്ടില്ലെന്നതാണ് അനുഭവം. 1995 മുതൽ തുടർച്ചയായി ജില്ലാ പഞ്ചായത്ത് ഭരിക്കുന്ന എൽഡിഎഫ് ഭരണസമിതികളുടെ വികസന പദ്ധതികൾ യുഡിഎഫിന്റെയും സ്വകാര്യആശുപത്രി ലോബിയുടെയും താൽപര്യങ്ങൾക്ക് വഴങ്ങി പലപ്പോഴും ചില ഉദ്യോഗസ്ഥർ അട്ടിമറിച്ചിട്ടുണ്ട്.

തിരുവിതാംകൂർ ഭരണാധികാരികളാണ് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന കാലത്ത് ആശുപത്രി സ്ഥാപിച്ചത്. 1910–11 ൽ ധർമാശുപത്രിയായി മാറ്റി. അന്നത്തെ കൊല്ലം ഡിവിഷനിലെ മുഖ്യആശുപത്രിയായിരുന്നു. സ്വാതന്ത്ര്യ ലബ്ധിക്ക് ശേഷം പൊതുജനങ്ങൾക്ക് പൂർണമായും തുറന്നുകൊടുത്തു. പിന്നീട് താലൂക്ക് ആശുപത്രിയായും ജില്ലാ ആശുപത്രിയായും ഉയർത്തപ്പെട്ടു.

യുവ തൊഴിലാളികൾ എൽഡിഎഫിനായി രംഗത്തിറങ്ങണം

ശാലു രമേശ് (കൺവീനർ), എസ് അനൂപ് (ജോയിന്റ് കൺവീനർ)

സിഐടിയു ജില്ലാ യുവ തൊഴിലാളി കൺവൻഷൻ സംസ്ഥാന കൺവീനർ മീര നിമീഷ് ഉദ്ഘാടനംചെയ്യുന്നു

ആലപ്പുഴ

നിയമസഭാ തെരഞ്ഞെടുപ്പിൽ എൽഡിഎഫിന്റെ വിജയത്തിന് രംഗത്തിറങ്ങാൻ സിഐടിയു ജില്ലാ യുവ തൊഴിലാളി കൺവൻഷൻ ആഹ്വാനംചെയ്തു. കൺവൻഷൻ യുവ തൊഴിലാളി സംസ്ഥാന കൺവീനർ മീര നിമീഷ് ഉദ്ഘാടനംചെയ്തു. സിഐടിയു ജില്ലാ കമ്മിറ്റിയംഗം വീണ വർഗീസ് അധ്യക്ഷയായി.

ജില്ലാ ജനറൽ സെക്രട്ടറി പി ഗാനകുമാർ, യുവ തൊഴിലാളി സംസ്ഥാന എക്സിക്യൂട്ടീവംഗം റെജി കൃഷ്ണ, സിഐടിയു ദേശീയ കൗൺസിലംഗം അഡ്വ. എസ് പ്രദീപ്തി, ജില്ലാ കമ്മിറ്റിയംഗം സൗമ്യ സുരേന്ദ്രൻ എന്നിവർ സംസാരിച്ചു. ഭാരവാഹികളായി ശാലു രമേശ് (കൺവീനർ), എസ് അനൂപ് (ജോയിന്റ് കൺവീനർ) എന്നിവരെയും 35 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയെയും തെരഞ്ഞെടുത്തു.

ഗേറ്റ് 16 വരെ അടച്ചിടും

ആലപ്പുഴ

ചേർത്തല മാരാരിക്കുളം റെയിൽവേ സ്റ്റേഷനുകൾക്കിടയിൽ ലെവൽ ക്രോസ് നമ്പർ 37 (11–ാം മൈൽ ഗേറ്റ്) ബുധൻ രാവിലെ എട്ടുമുതൽ 16ന് വൈകിട്ട് ആറുവരെ അടച്ചിടും. വാഹനങ്ങൾ തൊട്ടടുത്ത ലെവൽ ക്രോസ് നമ്പർ 36 (ആഞ്ഞിലിപ്പാലം ഗേറ്റ്), 41 (തിരുവിഴ നോർത്ത് ഗേറ്റ്) എന്നിവ വഴി പോകണം.

ഈറ്റ് റൈറ്റ് കേരള: ബോധവൽക്കരണം ഇന്നുമുതൽ

ആലപ്പുഴ

സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ 'ഈറ്റ് റൈറ്റ് കേരള' പദ്ധതിയുടെ ഭാഗമായി ദ്വിദിന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു. നോർത്ത് പൊലീസ് സ്റ്റേഷന് സമീപമുള്ള ആനത്തലവട്ടം ആനന്ദൻ സ്മാരക ഹാളിൽ ബുധൻ പകൽ 11ന് പി പി ചിത്തരഞ്ജൻ എംഎൽഎ ഉദ്ഘാടനംചെയ്യും. കലക്ടർ അലക്സ് വർഗീസ് മുഖ്യാതിഥിയാകും. 'ആരോഗ്യകരമായ ജീവിതശൈലി ഭക്ഷണക്രമത്തിലൂടെ' വിഷയത്തിൽ ആലപ്പുഴ ഗവ.മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ.ബി പത്മകുമാർ സെമിനാർ നയിക്കും. വ്യാഴം രാവിലെ 10.30ന് 'ഭക്ഷണവും ഭക്ഷ്യസുരക്ഷയും' വിഷയത്തിലും സെമിനാർ നടക്കും.

മഴയ്ക്ക് മുമ്പേ പ്രതിരോധം; സെമിനാർ

ആലപ്പുഴ

മഴക്കാലപൂർവ ശുചീകരണ, ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ സംഘടിപ്പിച്ച സെമിനാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ മഹേന്ദ്രൻ ഉദ്ഘാടനംചെയ്തു. തദ്ദേശ സ്വയംഭരണ ജോയിന്റ് ഡയറക്ടർ ബൈജു ജോസ് അധ്യക്ഷനായി. എൽഎസ്ജിഡി ഡെപ്യൂട്ടി ഡയറക്ടർ സി അലക്സ്, ശുചിത്വ മിഷൻ ജില്ലാ കോ–ഓർഡിനേറ്റർ ഡി ഷിൻസ്, തൊഴിലുറപ്പ് വിഭാഗം ജെപിസി എസ് എസ് സജി, ശുചിത്വ മിഷൻ പ്രോഗ്രാം ഓഫീസർ പി അഖിൽ എന്നിവർ സംസാരിച്ചു. എൽഎസ്ജിഡി അസി. ഡയറക്ടർ സന്തോഷ് മാത്യു ശുചീകരണ പ്രവർത്തനങ്ങൾ അവതരിപ്പിച്ചു. ഡെപ്യൂട്ടി ഡിഎംഒ ദിലീപ് കുമാർ വിഷയം അവതരിച്ചു.

സെൻസെക്സ് 640 പോയിന്റ് ഉയർന്നു

കൊച്ചി

ഓഹരിവിപണി രണ്ട് ദിവസത്തെ വൻ ഇടിവിനുശേഷം ചൊവ്വാഴ്ച നേട്ടത്തിലേക്ക് തിരിച്ചെത്തി.സെൻസെക്സും നിഫ്റ്റിയും ഒരു ശതമാനത്തോളം ഉയർന്നു. പശ്ചിമേഷ്യൻ സംഘർഷം ഉടൻ അവസാനിക്കുമെന്ന പ്രതീക്ഷയിൽ അന്താരാഷ്ട്ര വിപണിയിൽ അസംസ്കൃത എണ്ണ വില താഴ്ന്നതും ആഗോള വിപണികൾ മെച്ചപ്പെട്ടതുമാണ് ഇന്ത്യൻ വിപണിക്ക് കുതിപ്പ് നൽകിയത്.

ബിഎസ്ഇ സെൻസെക്സ് 639.82 പോയിന്റ് (0.82 ശതമാനം) ഉയർന്ന് 8205.98 ലും എൻഎസ്ഇ നിഫ്റ്റി 233.55 പോയിന്റ് (0.97 ശതമാനം) ഉയർന്ന് 24,261.60 ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്. മഹീന്ദ്ര ആൻഡ് മഹീന്ദ്ര ഓഹരി 3.67 ശതമാനവും ഇന്റർഗ്ലോബ് ഏവിയേഷൻ 3.46 ശതമാനവും കൊച്ചി കപ്പൽശാല 1.36 ശതമാനവും നേട്ടമുണ്ടാക്കി. മാരുതി സുസുകി (2.94), ഐസിഐസിഐ ബാങ്ക് (2.73), ടാറ്റാ സ്റ്റീൽ (2.09), എച്ച്ഡിഎഫ്സി ബാങ്ക് (1.18) എന്നിവയാണ് നേട്ടമുണ്ടാക്കിയ മറ്റു ചില പ്രധാന ഓഹരികൾ. യുഎസ് ഡോളറിനെതിരെ റെക്കോഡ് തകർച്ച നേരിട്ട രൂപ തിരിച്ചുകയറി. 36 പൈസ നേട്ടത്തിൽ 91.85 ലാണ് ചൊവ്വാഴ്ച വ്യാപാരം അവസാനിപ്പിച്ചത്.

ജീവനക്കാരെ ക്രമപ്പെടുത്തും

തിരുവനന്തപുരം

കൊച്ചിൻ കോഓപ്പറേറ്റീവ് മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തതിന്റെ ഭാഗമായി അന്ന് കോളേജിലുണ്ടായിരുന്ന വിവിധ വിഭാഗത്തിൽപ്പെട്ട 214 ജീവനക്കാരെ സുപ്രീം കോടതിയുടെ വിധിന്യായത്തിൽ നിർദേശിച്ചത് പ്രകാരം ക്രമപ്പെടുത്താൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു.

ക്ലിന്റ് ഓർമവർണങ്ങളിൽ ഒരമ്മ

എം എസ് അശോകൻ

കൊച്ചി

കലൂരിലെ വീട്ടിൽ ക്ലിന്റിന്റെ അമ്മ ചിന്നമ്മ

എഡ്മണ്ട് തോമസ് ക്ലിന്റ് സമ്മാനിച്ചുപോയ ചിത്രങ്ങളും മരണമില്ലാത്ത ഓർമകളും മാത്രമാണ് ഇപ്പോൾ അമ്മ ചിന്നമ്മ ജോസഫിന് ജീവിതക്കൂട്ട്. ഭർത്താവ് ജോസഫും യാത്രയായശേഷം ഒറ്റയ്ക്കായ കലൂർ ജേർണലിസ്റ്റ് നഗറിലെ 138 –ാം നമ്പർ ജിസിഡിഎ അപാർട്മെന്റിന്റെ പൂമുഖം നിറഞ്ഞ് ക്ലിന്റ് സ്മരണ. അകത്ത് അലമാരകൾ നിറയെ ക്ലിന്റ് കൈയൊപ്പു ചാർത്തിയ ചിത്രങ്ങൾ. അതിൽ നിന്ന് തെരഞ്ഞെടുത്ത 101 ചിത്രങ്ങളുടെ പകർപ്പ് ഉൾപ്പെടുത്തി നഗരത്തിൽ ക്ലിന്റിന് ആദ്യ ചിത്ര സ്മാരകം തുറക്കുന്നതിന്റെ സന്തോഷത്തിലാണ് ചിന്നമ്മ. ക്ലിന്റ് വിടവാങ്ങിയിട്ട് നാലുപതിറ്റാണ്ടിലേറെയായിട്ടും കുഞ്ഞ് ഉമ്മകൾ നൽകി നാട് അവന്റെ ഓർമവർണങ്ങളെ ചേർത്തുപിടിക്കുന്നതിന്റെ സന്തോഷം പറഞ്ഞറിയിക്കാൻ ചിന്നമ്മയ്ക്ക് വാക്കുകളില്ല.

ക്ലിന്റിന് നാടെങ്ങും സ്മാരകങ്ങളുണ്ടെങ്കിലും ഇതുപോലൊന്ന് ആദ്യമെന്ന് ചിന്നമ്മ. പനമ്പിള്ളിനഗറിൽ കുട്ടികളുടെ പാർക്ക്, കുന്നറ പാർക്കിൽ മെട്രോയുടെ ക്ലിന്റ് ഏരിയ, തേവരയിൽ ക്ലിന്റ് റോഡ്, സംസ്ഥാന ബാല ചിത്രരചനാ മത്സരം, സിനിമകൾ, ക്ലിന്റിന്റെ കളിക്കൂട്ടുകാരിയായിരുന്ന അമ്മു നായർ എഴുതിയ 'എ ബ്രീഫ് അവർ ഓഫ് ബ്യൂട്ടി' ഉൾപ്പെടെ പുസ്തകങ്ങൾ അങ്ങനെ പലതും മുമ്പെയുണ്ട്. എന്നാൽ, ക്ലിന്റ് ചിത്രങ്ങളുടെ പ്രദർശനത്തിന് വിപുലമായ സ്ഥിരം ഗാലറി ഇതാദ്യം.

ക്ലിന്റ് വരച്ച മുപ്പതിനായിരത്തോളം ചിത്രങ്ങളുടെ ഒറിജിനൽ ഇപ്പോഴും വീട്ടിൽ സൂക്ഷിക്കുന്നു. മൂന്ന് ചിത്രങ്ങളുടെ ഒറിജിനൽ മാത്രമാണ് തന്റെ പക്കൽ ഇല്ലാത്തത്.

കുറെക്കൂടി വിപുലമായ സൗകര്യമുണ്ടാകുമ്പോൾ ചിത്രങ്ങളുടെ ഒറിജിനൽ കൈമാറണമെന്നാണ് വിചാരിക്കുന്നത്. അത്തരമൊരു ആലോചന ജിസിഡിഎക്കുള്ളതായി ചെയർമാൻ കെ ചന്ദ്രൻപിള്ള പറഞ്ഞു.

ക്ലിന്റിന്റെ കളിപ്പാട്ടങ്ങൾ, ഉപയോഗിച്ച പുസ്തകങ്ങൾ, പുരസ്കാരങ്ങൾ എന്നിവയും കൈമാറുമെന്ന് ചിന്നമ്മ പറഞ്ഞു.കാലിൽ വെരിക്കോസിന് ശസ്ത്രക്രിയ കഴിഞ്ഞ് ആശുപത്രിവാസത്തിലായിരുന്നു ചിന്നമ്മ. ഗാലറി ഉദ്ഘാടനത്തിൽ പങ്കെടുക്കാൻ മാത്രം ഡോക്ടർമാരുടെ അനുമതിയോടെ വീട്ടിലെത്തിയതാണ്. 12ന് ഉദ്ഘാടനത്തിൽ പങ്കെടുത്ത് വീണ്ടും ആശുപത്രിയിൽ അഡ്മിറ്റാകും.

ഉദ്ഘാടനം നാളെ

പ്രൗഢിയോടെ ക്ലിന്റ് ഗാലറി

കൊച്ചി

ക്ലിന്റ് ചിത്രങ്ങളുടെ സ്ഥിരം ഗാലറി വ്യാഴം രാവിലെ 10.30ന് മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യും. ജിസിഡിഎ ചെയർമാൻ കെ ചന്ദ്രൻപിള്ള അധ്യക്ഷനാകും. കടവന്ത്ര ഇൻഡോർ സ്റ്റേഡിയത്തോടുചേർന്നുള്ള ജിസിഡിഎ ഷോപ്പിങ് കോംപ്ലക്സിന്റെ ഒന്നാംനിലയിലാണ് 3000 ചതുരശ്രയടി വിസ്തീർണത്തിൽ ശീതീകരിച്ച ഗാലറി. ചിത്രപ്രദർശനത്തിനുള്ള വലിയഹാളിന് പുറമെ ഗാലറി സന്ദർശിക്കുന്ന കുട്ടികൾക്ക് ചിത്രം വരയ്ക്കാനും പ്രദർശിപ്പിക്കാനും മറ്റൊരു ഹാൾ. സിനിമപ്രദർശനത്തിന് തിയറ്റർ, ഓഫീസ്, നീളൻ കഫറ്റീരിയ, ശുചിമുറികൾ, ഇരിപ്പിടസൗകര്യം എന്നിവയും ഒരുക്കിയിട്ടുണ്ട്.

ചിത്രകാരനും എഴുത്തുകാരനുമായ ബോണി തോമസാണ് ഗാലറിയുടെ ക്യൂറേറ്റർ. സിമന്റ് ബോർഡ് പാകിയ ഗാലറി ചുവരിൽ ആകർഷകമായ കുട്ടിവർണവരകളൊരുക്കിയത് ചിത്രകാരൻ വാടയ്ക്കൽ ഉദയൻ. ഗാലറിയുടെ പൂമുഖത്ത് സ്ഥാപിക്കുന്ന ക്ലിന്റിന്റെ വലിയ ബ്ലാക്ക് ആൻഡ് വൈറ്റ് ഛായാചിത്രം വരച്ചത് ചിത്രകാരൻ ഗുരുപുരം ഹുസൈൻ.

നഴ്സുമാരുടെ സമരം ഒത്തുതീർക്കണം: കെജിഎൻഎ

തിരുവനന്തപുരം

ശമ്പളവർധന ആവശ്യപ്പെട്ട് സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ നടത്തുന്ന സമരം ഒത്തുതീർപ്പാക്കാൻ ആശുപത്രി മാനേജ്മെന്റുകൾ തയ്യാറാകണമെന്ന് കേരള ഗവ. നഴ്സസ് അസോസിയേഷൻ ആവശ്യപ്പെട്ടു. മാനേജ്മെന്റുകൾ പിടിവാശി ഉപേക്ഷിച്ച് ചർച്ചയ്ക്ക് തയ്യാറാകണം.

പിരിച്ചുവിടലും ഹോസ്റ്റലിൽ നിന്ന് ബലമായി ഇറക്കിവിടുന്നതും അംഗീകരിക്കാനാകില്ല. നഴ്സുമാരുടെ ആവശ്യം ന്യായമായതുകൊണ്ടാണ് മിനിമം വേതനം സർക്കാർ പരിഷ്കരിച്ചത്. നഴ്സുമാരുടെ സമരത്തെ രാഷ്ട്രീയവൽക്കരിച്ച് നേട്ടമുണ്ടാക്കാനുള്ള ഗൂഢശ്രമവും തിരിച്ചറിയേണ്ടതുണ്ട്.

ആരോഗ്യമേഖലയ്ക്കും സംസ്ഥാന സർക്കാരിനുമെതിരായ പ്രചാരണവേദിയാക്കാൻ സമരത്തെ ഉപയോഗിക്കുകയാണ്. സർക്കാരും തൊഴിൽവകുപ്പും ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടണം. നഴ്സുമാർക്ക് നീതി ലഭ്യമാക്കുന്നതിനൊപ്പം സമരത്തിന്റെ രാഷ്ട്രീയലക്ഷ്യവും തിരിച്ചറിയണമെന്നും അസോസിയേഷൻ ആവശ്യപ്പെട്ടു.

കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തം

KERALA BANK Kerala State Co-operative Bank

റീജിയണൽ ഓഫീസ്, ആലപ്പുഴ

ആലപ്പുഴ – 688 001 ഫോൺ: 0477 -2251682, 683, 684, ഇ–മെയിൽ: alpro@keralabank.co.in, alprorecovery@keralabank.co.in

വസ്തു ഇ–ലേല വിൽപന പരസ്യം

സെക്യൂരിറ്റൈസേഷൻ & റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002, റൂൾ 8(6) പ്രകാരം ബാങ്ക് കൈവശപ്പെടുത്തിയ വസ്തുവിന്റെ ഇ-ലേല വിൽപന നോട്ടീസ് (ഓൺലൈൻ മുഖാന്തിരം). താഴെ പട്ടികയിൽ പറയുന്ന വസ്തുവകകൾ SARFAESI Act 2002 പ്രകാരം ബാങ്കിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവരവസ്തു, വസ്തുവിന്റെ നിലവിലുള്ള സ്ഥിതിയിൽ അതായത് 'എവിടെയാണോ, എങ്ങനെയാണോ, ഏതൊക്കെയാണോ' എന്ന അടിസ്ഥാനത്തിൽ **27.03.2026-ാം തീയതി രാവിലെ 11.00 മണി മുതൽ ഉച്ചയ്ക്ക് ശേഷം 3.00 മണി വരെ** വിൽപന നടത്തുന്ന വിവരം വായ്പക്കാരേയും ജാമ്യക്കാരേയും പൊതുജനങ്ങളെയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ക്രമ നമ്പർ	വായ്പക്കാരുടെ/ജാമ്യക്കാരുടെ പേരും മേൽ വിലാസവും	ശാഖ, വായ്പ നമ്പർ, ബാക്കി നിൽപ്പ് തുക	റിസർവ്വ് തുക	ഇ.എം.ഡി തുക	ഈട് വസ്തു സംബന്ധിച്ച വിവരങ്ങൾ
1	(1) ശ്രീ. കിരൺ കെ.എസ്., കൈതത്തറ നികർത്ത് (ഹൗസ്), എരമല്ലൂർ പി.ഒ., ചേർത്തല. (2) ശ്രീ. മനോഹരൻ, S/o പൊന്നപ്പൻ, കൈതത്തറ നികർത്ത് (ഹൗസ്), എരമല്ലൂർ പി.ഒ., ചേർത്തല. (3) ശ്രീമതി ശോഭ, W/o സന്തോഷ്, കൈതത്തറ നികർത്ത് (ഹൗസ്), എരമല്ലൂർ പി.ഒ., ചേർത്തല. (4) Ms. കൃഷ്ണ സന്തോഷ്, D/o സന്തോഷ്, കൈതത്തറ നികർത്ത് (ഹൗസ്), എരമല്ലൂർ പി.ഒ., ചേർത്തല.	എരമല്ലൂർ 124560454000099 05.03.2026 ൽ Rs.7,06,579/-	Rs. 13,30,000/-	Rs. 1,33,000/-	ശ്രീ. പൊന്നപ്പൻ പേർക്ക് ആലപ്പുഴ ജില്ലയിൽ, ചേർത്തല താലൂക്കിൽ, എഴുപുന്ന വില്ലേജിൽ, റീ സർവ്വേ നമ്പർ 249/11A/1/3ൽ ഉൾപ്പെട്ട 4.25 ആർസ് സ്ഥലവും അതിലുള്ള സകല വകകളും. **അതിരുകൾ: കിഴക്ക്:** വേലപ്പൻ & സാബു വക വസ്തു, **തെക്ക്:** പുരുഷൻ വക വസ്തു, **പടിഞ്ഞാറ്:** വിജയൻ വക വസ്തു, **വടക്ക്:** സദാനന്ദൻ & ദേവച്ചൻ വക വസ്തു.
2	(1) ശ്രീ. ബിനു വാസുദേവൻ, തൈപ്പറമ്പിൽ, കൊഴുവല്ലൂർ, മുളക്കുഴ, ചെങ്ങന്നൂർ. (2) Ms. സുഷമ രാഘവൻ, തൈപ്പറമ്പിൽ, കൊഴുവല്ലൂർ, മുളക്കുഴ, ചെങ്ങന്നൂർ.	ചെങ്ങന്നൂർ മെയിൻ 123764362000026 06.02.2026 ൽ Rs.14,53,538/-	Rs. 35,00,000/-	Rs. 3,50,000/-	ശ്രീ. ബിനു വാസുദേവൻ, Ms. സുഷമ രാഘവൻ എന്നിവർ പേർക്ക് ആലപ്പുഴ ജില്ലയിൽ, ചെങ്ങന്നൂർ താലൂക്കിൽ, മുളക്കുഴ വില്ലേജിൽ, റീ സർവ്വേ നമ്പർ 648/11, 648/11-1ൽ ഉൾപ്പെട്ട 12.80 (8.75+4.05) ആർസ് സ്ഥലവും അതിലുള്ള സകല വകകളും. **അതിരുകൾ: കിഴക്ക്:** സുലോചന വക വസ്തു, **തെക്ക്:** PWD റോഡ്, **പടിഞ്ഞാറ്:** സോമൻ വക വസ്തു, **വടക്ക്:** വേലൻപ്ലാവ് നിൽക്കുന്നതിൽ വക വസ്തു.
3	(1) ശ്രീ. ഷാജിമോൻ ആർ., ചരിവുപുരയിടത്തിൽ, കീഴ്ച്ചേരിമേൽ പി.ഒ., ചെങ്ങന്നൂർ. (2) ശ്രീ. കനകൻ കെ.ആർ., ചരിവുപുരയിടത്തിൽ, കീഴ്ച്ചേരിമേൽ പി.ഒ., ചെങ്ങന്നൂർ	ചെങ്ങന്നൂർ മെയിൻ 123760357000388 06.02.2026 ൽ Rs. 6,06,613/-	Rs. 3,00,000/-	Rs. 30,000/-	ശ്രീ. കനകൻ കെ.ആർ. പേർക്ക് ആലപ്പുഴ ജില്ലയിൽ, ചെങ്ങന്നൂർ താലൂക്കിൽ, മുളക്കുഴ വില്ലേജിൽ, റീ സർവ്വേ നമ്പർ 375/6-2-1 ൽ ഉൾപ്പെട്ട 02.02 ആർ സ്ഥലവും അതിലുള്ള സകല വകകളും. **അതിരുകൾ: കിഴക്ക്:** നടവഴി, **തെക്ക്:** വഴി, **പടിഞ്ഞാറ്:** സവിത വക വസ്തു, **വടക്ക്:** മുകളിശ്ശേരിൽ കിഴക്കതിൽ വക വസ്തു.
4	(1) Ms. ജയസുധ അനൂപ്, ചെമ്മുകത്ത് ഹൗസ്, തൊണ്ടൻകുളങ്ങര, അവലൂക്കുന്ന് പി.ഒ., ആലപ്പുഴ (2) ശ്രീ.അനൂപ് കുമാർ, BSNL ക്വാർട്ടേഴ്സ്, BSNL കോമ്പൗണ്ട് S L പുരം പി.ഒ., മാരാരിക്കുളം (നോർത്ത്), സേതുലക്ഷ്മി പുരം, ആലപ്പുഴ.	ആലപ്പുഴ ഈവനിംഗ് 122860471200364, 122860495001289 05.03.2026 ൽ 18,07,811.18 + 4,37,739.73= Rs.22,45,550.91	Rs. 19,00,000/-	Rs. 1,90,000/-	Ms. ജയസുധ അനൂപ്, പേർക്ക് ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ കോമളപുരം വില്ലേജിൽ റീ.സർവ്വെ നമ്പർ 370/3-8ൽ ഉൾപ്പെട്ട 01.89 ആർസ് സ്ഥലവും അതിലുള്ള സകല വകകളും. **അതിരുകൾ: കിഴക്ക്:** സുമിത് വക വസ്തു, **തെക്ക്:** സിന്ധു വക വസ്തു, **പടിഞ്ഞാറ്:** സിന്ധു, ഫൈസൽ എന്നിവർ വക വസ്തു, **വടക്ക്:** സജു വക വസ്തു.
5	(1) ശ്രീ. ബിജു പി.എൻ., പൂപ്പൻ കായലിൽ, ഇലവുംതിട്ട പി.ഒ., പത്തനംതിട്ട (2) Ms.കുഞ്ഞുകുട്ടി, പൂപ്പൻ കായലിൽ, ഇലവുംതിട്ട പി.ഒ., പത്തനംതിട്ട	ആലപ്പുഴ 101560356001054 02.03.2026 ൽ Rs.12,09,650.63	Rs. 13,00,000/-	Rs. 1,30,000/-	Ms.കുഞ്ഞുകുട്ടി പേർക്ക് ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ പാലമേൽ വില്ലേജിൽ റീ.സർവ്വെ നമ്പർ 503/4ൽ ഉൾപ്പെട്ട 12.15 ആർസ് സ്ഥലവും അതിലുള്ള സകല വകകളും. **അതിരുകൾ: കിഴക്ക്:** ചന്ദ്രൻ, രമണൻ, ജലജ എന്നിവരുടെ വസ്തു, **തെക്ക്:** നാണു വക വസ്തു & റോഡ്, **പടിഞ്ഞാറ്:** സോമരാജൻ, കുഞ്ഞിപ്പെണ്ണ് & മാധവൻ എന്നിവരുടെ വസ്തു, **വടക്ക്:** ചന്ദ്രശേഖരൻ വക വസ്തു & റോഡ്.
6	(1) ശ്രീ. ഹരി എം.ആർ., മറ്റപ്പള്ളിൽ, എഴുപുന്ന പി.ഒ., ചേർത്തല (2) Ms. ദീപമോൾ, മറ്റപ്പള്ളിൽ, എഴുപുന്ന പി.ഒ., ചേർത്തല	ആലപ്പുഴ 101560356001072, 101560356001085 26.02.2026 ൽ 25,73,574.73 + 12,20,270/- = Rs.37,93,844.73	Rs. 38,00,000/-	Rs. 3,80,000/-	Ms. ദീപമോൾ പേർക്ക് ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ ചേർത്തല സൗത്ത് വില്ലേജിൽ റീ.സർവ്വെ നമ്പർ 232/14ൽ ഉൾപ്പെട്ട 9.80 ആർസ് സ്ഥലവും അതിലുള്ള സകല വകകളും. **അതിരുകൾ: കിഴക്ക്:** പൊന്നമ്മ വക വസ്തു & റോഡ്, **തെക്ക്:** NSS കരയോഗം വക വസ്തു, **പടിഞ്ഞാറ്:** തിരുവിഴ ക്ഷേത്രം വക വസ്തു, **വടക്ക്:** ഭാസ്കരൻ മാരാർ വക വസ്തു.
7	(1) Ms. ശ്രീവിദ്യ ആർ., കിഴക്കേ വേലംപറമ്പ്, സനാതനപുരം പി.ഒ., ആലപ്പുഴ (2) ശ്രീ. സത്യവാൻ, കിഴക്കേ വേലംപറമ്പ്, സനാതനപുരം പി.ഒ., ആലപ്പുഴ	പഴവീട് 127160357000702 02.03.2026 ൽ Rs.5,11,628/-	Rs. 15,60,000/-	Rs. 1,56,000/-	ശ്രീ. സത്യവാൻ പേർക്ക് ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ കരുമാടി വില്ലേജിൽ റീ.സർവ്വെ നമ്പർ 131/5/2ൽ ഉൾപ്പെട്ട 5.10 ആർസ് സ്ഥലവും അതിലുള്ള സകല വകകളും. **അതിരുകൾ: കിഴക്ക്:** സുഭാഷ് വക വസ്തു, **തെക്ക്:** ഗംഗാധരൻ നായർ വക വസ്തു, **പടിഞ്ഞാറ്:** പഞ്ചായത്ത് റോഡ്, **വടക്ക്:** പങ്കജാക്ഷൻ നായർ വക വസ്തു.
8	(1) ശ്രീ. വേണുഗോപാൽ എസ്., ഡി.എസ്. നിലയം, എഴുപുന്ന സൗത്ത് പി.ഒ., ചേർത്തല (2) Ms. ബിന്ദു, ഡി.എസ്. നിലയം, എഴുപുന്ന സൗത്ത് പി.ഒ., ചേർത്തല. (3) ശ്രീ. നന്ദു വേണുഗോപാൽ, ഡി.എസ്. നിലയം, എഴുപുന്ന സൗത്ത് പി.ഒ., ചേർത്തല. (4) Ms. നന്ദന വേണുഗോപാൽ, ഡി.എസ്. നിലയം, എഴുപുന്ന സൗത്ത് പി.ഒ., ചേർത്തല.	അരൂക്കുറ്റി 123160357000877 05.03.2026 ൽ Rs.15,94,248/-	Rs. 15,30,000/-	Rs. 1,53,000/-	ശ്രീ. നന്ദു വേണുഗോപാൽ, Ms. നന്ദന വേണുഗോപാൽ എന്നിവർ പേർക്ക് ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ കോടംതുരുത്ത് വില്ലേജിൽ റീ.സർവ്വെ നമ്പർ 251/15-1ൽ ഉൾപ്പെട്ട 4.05 ആർസ് സ്ഥലവും അതിലുള്ള സകല വകകളും. **അതിരുകൾ: കിഴക്ക്:** രാജലക്ഷ്മി വക വസ്തു, **തെക്ക്:** കൃഷ്ണകുമാരി വക വസ്തു, **പടിഞ്ഞാറ്:** രാജേഷ് വക വസ്തു, **വടക്ക്:** കൃഷ്ണകുമാർ & റോഡ്.
9	(1) ശ്രീ. വേണു ബി.കെ., മേലോട്ടിൽ, പോണകം, മാവേലിക്കര. (2) ശ്രീമതി സൂര്യ ലക്ഷ്മി, മേലോട്ടിൽ, പോണകം, മാവേലിക്കര.	മാവേലിക്കര 126160357000101, 126160357000829 05.03.2026 ൽ Rs.26,77,422/-	Rs. 30,00,000/-	Rs. 3,00,000/-	ശ്രീ. വേണു ബി.കെ. പേർക്ക്, ആലപ്പുഴ ജില്ലയിൽ, മാവേലിക്കര താലൂക്കിൽ, തെക്കേക്കര വില്ലേജിൽ, റീ സർവ്വെ നമ്പർ 38/1, 38/1-2-3, 38/1-2 ൽ ഉൾപ്പെട്ട 19.56 ആർ സ്ഥലവും മുഴുവൻ ചമയങ്ങളും. അതിരുകൾ: **കിഴക്ക്:** അമ്മനൻപിള്ള വക വസ്തു, തോട്, **തെക്ക്:** സൂര്യലക്ഷ്മി & അനന്തൻ എന്നിവർ വക വസ്തു, **പടിഞ്ഞാറ്:** സ്വകാര്യ റോഡ്, രവീന്ദ്രൻ, വിനോദ് & രമണൻ എന്നിവർ വക വസ്തു, **വടക്ക്:** റോഡ്.
10	(1) Ms. അംബിക ടി., മീനത്തേതിൽ, ചുനക്കര ഈസ്റ്റ്, ചുനക്കര പി.ഒ. (2) ശ്രീ. ഭാസ്കരൻ, മീനത്തേതിൽ, ചുനക്കര ഈസ്റ്റ്, ചുനക്കര പി.ഒ.	മാങ്കാംകുഴി 125860357000305 05.03.2026 ൽ Rs. 17,45,934/-	Rs. 16,00,000/-	Rs. 1,60,000/-	ശ്രീ. ഭാസ്കരൻ പേർക്ക്, ആലപ്പുഴ ജില്ലയിൽ, മാവേലിക്കര താലൂക്കിൽ, ചുനക്കര വില്ലേജിൽ, റീ സർവ്വേ നമ്പർ 156/2-3 ൽ ഉൾപ്പെട്ട 13.60 ആർ സ്ഥലവും അതിലുള്ള സകല വകകളും. **അതിരുകൾ: കിഴക്ക്:** ഒലിപ്പുകുറ്റിയിൽ വക വസ്തു, **തെക്ക്:** റോഡ്, **പടിഞ്ഞാറ്:** മീനത്തേതിൽ, **വടക്ക്:** കോട്ടോടി പ്ലാവിലയിൽ വക വസ്തു.
11	(1) ശ്രീ. ഷാജഹാൻ എം., ഇടയിൽ വീട്ടിൽ വീട്, മാങ്കാംകുഴി പി.ഒ. (2) Ms. ഷഹുബാനത്ത്, ഇടയിൽ വീട്ടിൽ വീട്, മാങ്കാംകുഴി പി.ഒ. (3) ശ്രീ. മുഹമ്മദ് ഹസ്സൻ, ഇടയിൽ വീട്ടിൽ വീട്, മാങ്കാംകുഴി പി.ഒ.	മാങ്കാംകുഴി 125860471000145, 125860495200121 02.03.2026 ൽ Rs. 16,79,693.56	Rs. 21,00,000/-	Rs. 2,10,000/-	ശ്രീ. ഷാജഹാൻ എം. പേർക്ക്, ആലപ്പുഴ ജില്ലയിൽ, മാവേലിക്കര താലൂക്കിൽ, വെട്ടിയാർ വില്ലേജിൽ, റീ സർവ്വേ നമ്പർ 253/15-2 ൽ ഉൾപ്പെട്ട 06.07 ആർ സ്ഥലവും അതിലുള്ള സകല വകകളും. **അതിരുകൾ: കിഴക്ക്:** റോഡ്, **തെക്ക്:** രാമനല്ലൂർ ക്ഷേത്രം വക വസ്തു, **പടിഞ്ഞാറ്:** രാധാകൃഷ്ണൻ വക വസ്തു, **വടക്ക്:** ഷമീർ വക വസ്തു.

വിൽപനയെക്കുറിച്ചുള്ള വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും ബാങ്കിന്റെ വെബ്സൈറ്റായ **www.kerala.bank.in,** സർവ്വീസ് പ്രൊവൈഡറായ C1 India Pvt. Ltd ന്റെ ഇ-ഓക്ഷൻ വെബ്സൈറ്റായ **https://www.bankeauctions.com** എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ (Contact Details: **Ph:+91-124-4302020/21/22, +91-7291981124/1125/1126, Email id- support@bankeauctions.com),** ബാങ്കിന്റെ ആലപ്പുഴ റീജിയണൽ ഓഫീസ്, മുനിസിപ്പൽ ടൗൺ ഹാളിന് എതിർവശം, ആലപ്പുഴ-688001മായോ ബന്ധപ്പെടേണ്ടതാണ്. **Email id: alpro@keralabank.co.in, alprorecovery@keralabank.co.in, Ph: 0477-2251682,1683,1684, (RO).**

സ്ഥലം: ആലപ്പുഴ, തീയതി: 08.03.2026

(ഒപ്പ്) അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ, കേരള സംസ്ഥാന സഹകരണ ബാങ്ക്

വിദ്യാഭ്യാസ വാർത്ത

ഇന്നൊവേഷൻ ഫെലോ: അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം

കെ ഡിസ്ക്, കില, തദ്ദേശ സ്വയം ഭരണവകുപ്പ് എന്നിവ സംയുക്തമായി നടപ്പിലാക്കുന്ന ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരാശയം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്ററുകളിലേക്ക് ഇന്നൊവേഷൻ ഫെലോകളെ ക്ഷണിച്ചു. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകർ, ഗവേഷകർ, നൂതനാശയ സൃഷ്ടിക്ക് സംഭാവന നൽകിയ അക്കാദമിക പശ്ചാത്തലമുള്ള വ്യക്തികൾ, അക്കാദമിക യോഗ്യതയുള്ള വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, വ്യത്യസ്ത മേഖലകളിൽ പ്രവൃത്തിപരിചയമുള്ള സാമൂഹിക പ്രവർത്തകർ എന്നിവർക്ക് അപേക്ഷിക്കാം. അവസാന തീയതി മാർച്ച് 30. വിവരങ്ങൾക്ക്: https://kdisc.kerala.gov.in/en/oloionelocalgovernmentoneidea/

കേരള സർവകലാശാല പരീക്ഷ മാറ്റിവച്ചു

തിരുവനന്തപുരം

കേരള സർവകലാശാല മാർച്ച് 11ന് നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ ബി.വോക് സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് (351), ബി.വോക് ടൂറിസം ആൻഡ് ഹോസ്പിറ്റൽ മാനേജ്മെന്റ് (352) ബി.വോക് ഫുഡ് പ്രോസസിങ് ആൻഡ് മാനേജ്മെന്റ് (356) പരീക്ഷ മാറ്റിവച്ചു. മറ്റു ദിവസത്തെ പരീക്ഷകൾക്കോ പരീക്ഷാ കേന്ദ്രത്തിനോ മാറ്റമില്ല. പുതുക്കിയ തീയതി പിന്നീട്.